(എഫ്) ചെലവഴിച്ച സംഖ്യ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ടി. വി. ചാനലുകൾക്ക്	6,75,810 രൂപ
പത്രമാസികകൾക്ക്	7,44,445 രൂപ
ശബരിമലയിൽ ഹോർഡിംഗ്	31,738 രൂപ
നോട്ടീസ്, ബാനർ, പലവക പരസ്യം	3,86,455 രൂപ

ഇടുക്കി ജില്ലാ ഇൻഷ്വറൻസ് ആഫീസിലെ എൽ. ഡി. ക്ലാർക്ക് തസ്തികകൾ നിറുത്തലാക്കുന്നതിനെതിരെ നടപടി

31 [3891] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ ജില്ലാ ഇൻഷ്വറൻസ് ആഫീസിൽ നിന്നും എൽ. ഡി. ക്ലാർക്ക് ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ തിരുവനന്തപുരം ജില്ലയിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(സി) ഇടുക്കിയിലെ ജില്ലാ ഇൻഷ്വറൻസ് ആഫീസിലെ തന്നെ ജോലി ഭാരക്കൂടുതൽ കാരണം ഇവിടെ നിന്നും മറ്റ് ജില്ലകളിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കിയവരെ തിരികെ ഈ ആഫീസിലേക്ക് മാറ്റി നിയമിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ആഫീസിലെ ജോലികൾ നിർവ്വഹിക്കുവാൻതന്നെ ആവശ്യമായ ജീവനക്കാർ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ ഇവിടെനിന്നും തസ്തികകൾ മാറ്റുന്നതിനുള്ള നടപടികൾ നിറുത്തിവയ്ക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ഉൾപ്പെടെയുള്ള ചില ജില്ലാ ആഫീസുകളിൽ ജീവനക്കാരുടെ അപര്യാപ്തത ഉണ്ടെന്ന് ബോധ്യമായതിനെ തുടർന്ന് താരതമ്യേന ജോലിഭാരം കുറവുള്ള ഇടുക്കി, വയനാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ നിന്നും ക്ലറിക്കൽ തസ്തികയിലെ അധികമുള്ള ജീവനക്കാരെ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ അയച്ചുതരുവാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അപ്രകാരം ഒരു സാഹചര്യം ഉണ്ടെന്നു ബോധ്യപ്പെട്ടാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly